"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- 44-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ- 2025, ന്യൂഡൽഹി - മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ നൽകുന്നതിന് യഥേഷ്ടാനുമതിയും ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2632/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:- 1. 1.തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2025 തീയതിയിലെ LSGD/PD/30281/2025-GEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് നടക്കുന്ന 44-ാമത് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ (India International Trade Fair - 2025) പങ്കെടുക്കുന്നതിന് അനുമതിയും ടി മേളയുടെ ആവശ്യത്തിനായുള്ള ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും ആയതിനാവശ്യമായ തുക ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതിയും നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മുൻകാലങ്ങളിൽ നടന്നിട്ടുള്ള ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുള്ളതും ആയതിനു പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുള്ളതുമാണ്. നടപ്പുവർഷവും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സാന്നിദ്ധ്യം പ്രസ്തുത മേളയിൽ ഉറപ്പവരുത്തുന്നത് ഗുണകരമാകുമെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ, ന്യൂഡൽഹിയിൽ പ്രഗതി മൈതാനിയിൽ വച്ച് 2025 നവംബർ 14 മുതൽ 27 വരെ നടക്കുന്ന 44-ാമത് ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അനുമതിയും ടി മേളയുടെ ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച 9,75,000/- രൂപയുടെ (രൂപ ഒൻപത് ലക്ഷത്തി എഴുപത്തയ്യായിരം മാത്രം) ബഡ്ജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും ആയതിലേക്കായി ഗ്രാമപഞ്ചായത്തുകളുടെ തനത്

ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും യഥേഷ്ടാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ഐ & പി.ആർ വകുപ്പ്
ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 03-11-2025 10:40:52
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി